കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2005 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**

**ഹാജർ : അനിൽകുമാർ. വി.സി**

വിഷയം: ജീവനക്കാര്യം-ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് – തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ദീപു.എസ്-ന്റെ നിയമനം ക്രമീകരിച്ച ഉത്തരവിലും പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിലും തീയതി തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 28.11.2019-ലെ ഇ2-223-(1)/2015/സി.ഇ.ഐ നമ്പർ ഉത്തരവ്.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 03.12.2019-ലെ ഇ2-223/15/സി.ഇ.ഐ നമ്പർ ഉത്തരവ്.
3. തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 06.01.2020-ലെ 773/2017/എം.ടി.എസ്.എൽ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ2-223(1)/2015/സി.ഇ.ഐ തീയതി: 11.03.2020**

തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ദീപു.എസ്-ന്റെ നിയമനം പരാമർശം (1) ഉത്തരവ് പ്രകാരം (ഉത്തരവിലെ പട്ടികയിൽ ക്രമ നമ്പർ 39) 07.07.2017 പൂർവ്വാഹ്നം മുതൽ ക്രമീകരിക്കുകയും ടിയാന്റെ പ്രൊബേഷൻ പരാമർശം (2) ഉത്തരവ് പ്രകാരം (ഉത്തരവിലെ പട്ടികയിൽ ക്രമ നമ്പർ 23) 07.07.2019 പൂർവ്വാഹ്നം മുതൽ തൃപ്തികരമായി പൂർത്തികരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ടിയാൻ ജോലിയിൽ പ്രവേശിച്ചത് 07.07.2017 അപരാഹ്നത്തിലായതിനാൽ ഇതിനനുസൃതമായി, ടിയാന്റെ നിയമനം ക്രമീകരിച്ച ഉത്തരവിലും പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിലും ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് ശ്രീദീപു.എസ്, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ.ദീപു,.എസ് 07.07.2017 അപരാഹ്നത്തിലാണ് അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത് എന്ന് ഓഫീസ് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (1)-ലെ ഉത്തരവിൽ ടിയാന്റെ നിയമനം ക്രമീകരിച്ച തീയതി 07.07.2017 പൂർവ്വാഹ്നം എന്നതിന് പകരം 07.07.2017 അപരാഹ്നം എന്ന് തിരുത്തിക്കൊണ്ടും, പരാമർശം (2) ഉത്തരവിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി തെറ്റായി രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരം തിരുത്തിക്കൊണ്ടും ഉത്തരവാകുന്നു.

| ജോലിയിൽ പ്രവേശിച്ച തീയതി | രണ്ടു വർഷത്തെ പ്രൊബേഷൻ പൂർത്തീകരിച്ച തീയതി | പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി |
|---|---|---|
| 07.07.2017 അപരാഹ്നം | 07.07.2019 അപരാഹ്നം | 08.07.2019 പൂർവ്വാഹ്നം |

മേൽപ്പറഞ്ഞ ഭേദഗതികളോടുകൂടി പരാമർശം (1), (2) ഉത്തരവുകൾ നിലകൊള്ളുന്നതാണ്.

(ഒപ്പ്)

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

ശ്രീ.ദീപു. എസ്, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ (ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി മുഖേന)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി തിരുവനന്തപുരം
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
4. കരുതൽ/അധികം

ഉത്തരവിൻപ്രകാരം

സീനിയർസൂപ്രണ്ട്